**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1508** **14-03-2022 - ൽ മറുപടിയ്ക്ക്**

**സ്ഥലമെട്ടുപ്പ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ശ്രീകാര്യം മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലമെട്ടുപ്പ് നടപടികളുടെ പുരോഗതിയും സ്ഥലമെട്ടുപ്പ് നടപടികൾ പൂർത്തിയാക്കി മേൽപ്പാലം നിർമ്മാണത്തിന് എപ്പോൾ ഭൂമി കൈമാറുമെന്നും വിശദമാക്കാമോ; പേട്ട-ആനയറ-ഒരുവാതിൽകോട്ട റോഡ് വികസനത്തിനായി സ്ഥലമേറ്റെടുക്കൽ നടപടികളുടെ പുരോഗതിയും സ്ഥലമെട്ടുപ്പ് നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എപ്പോൾ ഭൂമി കൈമാറുമെന്നും വിശദമാക്കാമോ; | (എ) | ശ്രീകാര്യം മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള സ്ഥലമെട്ടുപ്പുമായി ബന്ധപ്പെട്ട് അവാർഡ് നടപടികൾ പൂർത്തിയായി വരുന്നു. ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്ന നടപടികൾ 22/03/2022 ന് ആരംഭിക്കുന്നതാണ്. പേട്ട-ആനയറ-ഒരുവാതിൽകോട്ട റോഡ് വികസനത്തിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. വിശദവിലവിവര പത്രിക തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അവാർഡ് പാസാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (ബി) | മണ്ണന്തല-പൗഡിക്കോണം, പൗഡിക്കോണം-ശ്രീകാര്യം റോഡ് വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതിയും പ്രസ്തുത പ്രവൃത്തികൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്ത് എപ്പോൾ കൈമാറുമെന്നും അറിയിക്കാമോ; ആറ്റിപ്ര പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പുരോഗതിയും പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | മണ്ണന്തല - പൗഡിക്കോണം റോഡ് വികസനത്തിന് 1.5044 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പൊന്നുംവില നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സാമൂഹ്യ ആഘാത പഠനം പൂർത്തിയാക്കിയിട്ടുള്ളതും വിദഗ്ധ സമിതിയെ 22/11/2021 ന് നിയോഗിച്ച് ഉത്തരവായിട്ടുള്ളതുമാണ്. വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ട് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പൗഡിക്കോണം - ശ്രീകാര്യം റോഡ് വികസനത്തിന് സ്ഥലമെട്ടുപ്പുമായി ബന്ധപ്പെട്ട് പുതുക്കിയ അലൈൻമെന്റ് സ്കെച്ച്, കണ്ടിജൻസി ചാർജ്ജ് എന്നിവ ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയായ കേരളാ റോഡ് ഫണ്ട് ബോർഡിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പ്രസ്തുത രേഖകളും കണ്ടിജൻസി ചാർജ്ജും ലഭ്യമാക്കുന്ന പക്ഷം ഭൂമിയേറ്റെടക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. ആറ്റിപ്ര വില്ലേജിൽ തെറ്റിയാർ തോടിന് കുറുകെയും തെറ്റിയാർ |

| | | | |
|---|---|---|---|
| | | | തോടിന്റെ കൈവഴിയ്ക്കു കുറുകെയുള്ള പാലങ്ങൾ പുനർ നിർമ്മിക്കുന്നതിനും അനുബന്ധ റോഡുകൾക്കുമായി 47.92 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിന് 24.02.2022 ലെ സ.ഉ(ആർ.റ്റി) 856/2022/റവ പ്രകാരം അനുമതി നല്കിയിട്ടുണ്ട്. കണ്ടിജൻസി ചാർജ്ജ് ലഭ്യമാകുന്ന പക്ഷം ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. |
| (സി) | വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഉണ്ടാകുന്ന കാലതാമസവും അനാവശ്യ നടപടിക്രമങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് ഭൂവുടമകൾ ഭൂമി വിട്ടു നൽകിയാലും ഭൂമി ഏറ്റെടുക്കലിന് കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ്; വിശദമാക്കാമോ; പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; സുഗമമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ഇപ്പോഴുള്ള നിയമം പര്യാപ്തമാണോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം സ്ഥലമേറ്റെടുക്കുന്ന അവസരങ്ങളിൽ എസ്എൽഇസി അംഗീകരിച്ച വിലയ്ക്ക് ഭൂമി വിട്ടുനൽകുവാൻ സമ്മതമറിയിച്ചവരുടെ വസ്തുക്കൾ പ്രമാണം ചെയ്ത് ഏറ്റെടുക്കുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ഒടുക്കേണ്ട തുക അർത്ഥനാധികാരി അടയ്ക്കാത്ത സാഹചര്യങ്ങളിൽ ആയത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമ്പോൾ കാലതാമസം നേരിടാറുണ്ട്. |
| (ഇ) | നിലവിലുള്ള നിയമപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയിട്ടും കേസ് നടത്തിപ്പിന് ധാരാളം തുക സർക്കാർ ചിലവാക്കുകയും ഭീമമായ തുക നഷ്ടപരിഹാരം നൽകേണ്ടതായും വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂമി ഏറ്റെടുക്കലിന് നിലവിലുള്ള നിയമം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള നിയമം സെൻട്രൽ ആക്ടാണ് |
| (എഫ്) | 33 വർഷങ്ങൾക്ക് മുമ്പ് ഇപ്പോൾ നിലവിൽ ഇല്ലാത്ത പോസ്റ്റൽ ആന്റ് ടെലിഗ്രാഫ് ഡിപ്പാർട്ടുമെന്റിന് കൈമാറിയ യാതൊരുവിധ പ്രവർത്തനങ്ങളും നാളിതുവരെ നടത്താതെ കിടക്കുന്ന ഭൂമി ശ്രീകാര്യം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ; | (എഫ്) | തിരുവനന്തപുരം താലൂക്കിൽ ആറ്റിപ്ര വില്ലേജിൽ റീസർവ്വെ നമ്പർ 350/2 ൽ ഉൾപ്പെട്ട 20 സെന്റ് ഭൂമി പോസ്റ്റൽ വകുപ്പിന് 27/07/1988 ൽ ജി.ഒ (എം.എസ്) 618/88/ആർ.ഡി. നമ്പർ ഉത്തരവിൻ പ്രകാരം തിരുവനന്തപുരം തഹസിൽദാരുടെ ബി4-16448/88 നമ്പരായി പട്ടയം നൽകിയിട്ടുള്ളതാണ്. പ്രസ്തുത പട്ടയത്തിന് പോസ്റ്റൽ വകുപ്പ് 1988 ൽ 1,27,550/- രൂപ ചെലാൻ അടച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെ മേൽ സ്ഥലത്ത് നിർമ്മാണ പ്രവർത്തനം നടത്തിയിട്ടില്ല. 1988 ൽ പട്ടയം ലഭിച്ചെങ്കിലും പോസ്റ്റാഫീസോ മറ്റ് നിർമ്മിതികളോ നടത്തിയിട്ടില്ലാത്തതും, ഭൂമി ഇപ്പോഴും തരിശായി കിടക്കുന്നതുമാണ്. സംസ്ഥാന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഭൂമി ലഭ്യത കുറവുള്ളതിനാലും, ശ്രീകാര്യം പോലീസ് സ്റ്റേഷൻ നിർമ്മിയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യത്തിലും 1988-ൽ നൽകിയ പട്ടയം റദ്ദ് ചെയ്ത് പ്രസ്തുത സ്ഥലം സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിലേയ്ക്കായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്കായി ജില്ലാ കളക്ടർ 13/11/20 ൽ ശുപാർശ സമർപ്പിക്കുകയുണ്ടായി. എന്നാൽ പോസ്റ്റൽ വകുപ്പ് പ്രസ്തുത സ്ഥലത്ത് പോസ്റ്റാഫീസ് നിർമ്മിയ്ക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതായും പോലീസ് സ്റ്റേഷന് ഭൂമി അനുവദിയ്ക്കുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കുന്നതിനുമായി 23/07/21-ൽ പോസ്റ്റൽ വകുപ്പ് കത്ത് ലഭ്യമാക്കിയിരുന്നു. പോസ്റ്റാഫീസ് നിർമ്മിയ്ക്കുന്നതിന് പോസ്റ്റൽ വകുപ്പിന് കൈമാറിയ ഭൂമി പ്രസ്തുത ആവശ്യത്തിനായി ഉപയോഗിയ്ക്കാത്ത സാഹചര്യത്തിൽ പട്ടയം റദ്ദ ചെയ്ത് റവന്യൂ വകുപ്പിലേയ്ക്ക് നഷ്ടപരിഹാരം കൂടാതെ തിരികെ എടുക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ജി) | പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമിയിന്മേൽ സ്വകാര്യ വ്യക്തി ഉടമസ്ഥാവകാശം സ്ഥാപിച്ച് സ്റ്റേ സമ്പാദിക്കുവാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ; ഈ വിഷയത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ജി) | പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്യുന്ന റവന്യൂ ഭൂമിയിന്മേൽ സ്വകാര്യ വ്യക്തി ഉടമസ്ഥാവകാശം സ്ഥാപിച്ചിട്ടില്ല. ഈ കേസിൽ തൽസ്ഥിതി തുടരുന്നത് സംബന്ധിച്ച് ബഹു കോടതി നല്കിയ ഉത്തരവ് ഒഴിവാക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ